LIBRARY ARCHIVES Kerala Legislative Assembly

മാരാരിക്കുളം വികസന പദ്ധതി

86 (247) ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. സി. പി. മുഹമ്മദ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം വികസന പദ്ധതിയുടെ നവീകരണ സമിതിയിൽ തദ്ദേശഭരണ വകുപ്പുമന്ത്രിയും ആലപ്പുഴ ജില്ലാ കളക്ടറും അംഗങ്ങളാണോ ;

(ബി) ഈ നവീകരണ സമിതിയുടെ കർത്തവ്യങ്ങളും ചുമതലകളും എന്തെല്ലാമാണ് ;

(സി) ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവെത്രയാണ്;

(ഡി) അതിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക എത്ര;

(ഇ) പദ്ധതിക്ക് ചെലവാകുന്ന ബാക്കി തുക എപ്രകാരമാണ് കണ്ടെത്തുന്നത്;

(എഫ്) മാരാരിക്കുളം പദ്ധതിക്ക് വിദേശ ധനസഹായമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

വ്യാജ പട്ടയങ്ങൾ

87 (248) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായി വ്യാജപട്ടയം നൽകുന്നതായുള്ള പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടുക്കി ജില്ലയിലെ മൂന്നാർ കണ്ണൻദേവൻ ഹിൽസ് വില്ലേജ് (കെ.ഡി.എച്ച്.) മാങ്കുളം വില്ലേജ് എന്നിവിടങ്ങളിലായി ഇരുപതിനായിരത്തോളം ഏക്കർ ഭൂമി വ്യാജപട്ടയം വഴി സ്വന്തമാക്കിയെന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേക്കുറിച്ച് അന്വേഷിക്കുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ലാന്റ് ബോർഡ് സെക്രട്ടറി, സി.സി.എഫ്., ജില്ലാ കളക്ടർ, സർവ്വേ ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) മേവികുളം സബ്കളക്ടർ, ദത്തൻ ചേൽക്കർ നടത്തിയ അന്വേഷണത്തിൽ വ്യാജ പട്ടയങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര വ്യാജപട്ടയങ്ങൾ നൽകിയിട്ടുള്ളതായാണ് കണ്ടെത്തിയത്;

(എഫ്) ഇതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച അന്വേഷണം നടത്താൻ 17-11-2003-ലെ ജി.ഒ. (ആർടി) 3611/03/ആർഡി ഉത്തരവ് പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും സമഗ്രമായ അന്വേഷണം നടത്തിവരികയുമാണ്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷമേ കൃത്യമായ വിവരം നൽകുവാൻ കഴിയുകയുള്ളൂ.

(എഫ്) മേല്പറഞ്ഞ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ പേരിൽ ആർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

പട്ടയം ലഭ്യമാക്കുവാൻ നടപടി

68 (249) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ താലൂക്കിലും തളിപ്പറമ്പ് താലൂക്കിലും ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽപ്പെടുന്ന മിച്ചഭൂമി പതിച്ച് കിട്ടിയവരും വർഷങ്ങളായി കൈവശം വച്ചനുഭവിക്കുന്നവരുമായ ദരിദ്ര കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇവരിൽ കൈവശാവകാശ രേഖയും പട്ടയവും ഇല്ലാത്ത എത്ര പേർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ വില്ലേജിലേയും ഗുണഭോക്താക്കളെ സംബന്ധിച്ച വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ താലൂക്കിലും തളിപ്പറമ്പ് താലൂക്കിലും ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽപ്പെടുന്ന മിച്ചഭൂമി പതിച്ചു നൽകുന്നതിന് അർഹരായ ഭൂരഹിത കർഷക തൊഴിലാളികൾക്ക് സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സമയബന്ധിതമായി ഭൂമി അളന്നു കാണിച്ചു കൊടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly